ഓഫ് ഡിഫേസ്മെന്റ് ഓഫ് പ്രോപ്പർട്ടി ബിൽ, 2002-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ-ഫോറസ്റ്റ് ഏരിയാസ് ബിൽ, 2002-ലെ കേരള അറിയാനുള്ള അവകാശം ബിൽ, 2002-ലെ കേരള ട്രാൻസ്പാരൻസി ഇൻ പബ്ലിക് പർച്ചേസ് ബിൽ, 2002-ലെ കേരള സ്വാശ്രയ സഹകരണ ബിൽ, 2002-ലെ കേരള വെക്സേഷ്യസ് ലിറ്റിഗേഷൻ (പ്രിവൻഷൻ) ബിൽ, 2002-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2002-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2002-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേസ്) ഭേദഗതി ബിൽ, 2002-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ബിൽ, 2002-ലെ കേരള കാഷ്വൽ ടെമ്പററി ബദലി വർക്കേഴ്സ് (വേജസ്) അമെന്റ്മെന്റ് ബിൽ, 2002-ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (ഭേദഗതി) ബിൽ, 2002-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് (കേരള അമെന്റ്മെന്റ്) ബിൽ, 2002-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ, 2002-ലെ കേരള ഒഴിവാക്കലും ഭേദഗതിയും ബിൽ എന്നീ കരടു ബില്ലുകൾ ചെറിയ ഭേദഗതികളോടെ തത്വത്തിൽ അംഗീകരിച്ചിരുന്നു. ഇതിൽ കേരള മുദ്രപ്പത്ര നിയമത്തിനുള്ള ഭേദഗതി നിർദ്ദേശം, 2003-ലെ 6-ാം ഓർഡിനൻസായി പുറപ്പെടുവിച്ചിരുന്നു. നടന്നുവരുന്ന നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം ബില്ല് അവതരിപ്പിച്ചിട്ടുണ്ട്.

(ബി) ലാ റിഫോംസ് കമ്മിറ്റി ഇപ്പോൾ നിലവിലുണ്ട്.

(സി) ലാ റിഫോംസ് കമ്മിറ്റി അതിന്റെ പ്രവർത്തനത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ഏകദേശം പത്തു വിഷയങ്ങളിൽപ്പെട്ട നിലവിലുള്ള മുപ്പതോളം നിയമങ്ങളെ ഏകീകരിക്കുവാനുള്ള കരട് ബില്ലുകൾ തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. കമ്മിറ്റിയെ സഹായിക്കുന്നതിനായി നിയമവകുപ്പിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന് മാത്രമായി ഇപ്പോൾ ഒരു ഡെപ്യൂട്ടി സെക്രട്ടറിയും അഡീഷണൽ സെക്രട്ടറിയും പ്രവർത്തിച്ചുവരുന്നു.

നിയമ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശകൾ

21 [573] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പരിഷ്കരണ കമ്മിറ്റി എത്ര നിയമങ്ങൾ കാലഹരണപ്പെട്ടുവെന്നും എത്രയെണ്ണം കാലോചിതമായി പരിഷ്കരിക്കണമെന്നും ശുപാർശ ചെയ്തിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നാളിതു വരെ എത്ര നിയമങ്ങൾ അസാധുവാക്കിയിട്ടുണ്ടെന്നും എത്ര നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയമ പരിഷ്കരണ കമ്മറ്റി കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ ആകെ 697 നിയമങ്ങൾ നിയമപുസ്തകത്തിൽ നിന്ന് നീക്കം ചെയ്യുന്നതിലേക്കായി ശുപാർശ ചെയ്തിരുന്നു. ഇതിലേക്ക് 2002-ലെ കേരള റിപ്പീലിംഗ് ആന്റ് അമെന്റിംഗ് ബിൽ എന്ന ഒരു കരട് ബില്ല് അതിന്റെ ഒന്നാം റിപ്പോർട്ടിലൂടെ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. കൂടാതെ 10 വിഷയങ്ങളെ സംബന്ധിച്ച് 30 നിയമങ്ങൾ യൂണിഫൈ ചെയ്യുന്നതിനും നിക്ഷേപ സൗകൃതം, വികസന സൗകൃതം എന്നിവയ്ക്ക് ഊന്നൽ നൽകി 16 പുതിയ നിയമങ്ങളും 9 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ 25 നിയമങ്ങളുടെ കരട് ബില്ലുകളും സർക്കാരിന് സമർപ്പിച്ച ആദ്യ റിപ്പോർട്ടിൽ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിരുന്നു.

(ബി) പ്രസ്തുത കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നാളിതുവരെ ഒരു നിയമവും അസാധുവാക്കിയിട്ടില്ല. 15-10-2003-ൽ കൂടിയ മന്ത്രിസഭാ യോഗം നിയമ പരിഷ്കരണ സമിതി സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന 26 കരട് ബില്ലുകളിൽ 2002-ലെ കേരള ചൈൽഡ് ലേബർ (റിലീസ്, റിഹാബിലിറ്റേഷൻ ആന്റ് വെൽഫയർ) ബിൽ, 2002-ലെ കേരള കിസ്സാൻ പാസ്സ് ബുക്ക് ബിൽ, 2002-ലെ കേരള ലേബർ ലോസ് (സിംപ്ലിഫിക്കേഷൻ ഓഫ് റിട്ടേൺസ് ആന്റ് രജിസ്റ്റേഴ്സ് ഓഫ് സ്മാൾ എസ്റ്റാബ്ലിഷ്മെന്റ്) ബിൽ, 2002-ലെ കേരള നോൺ ബയോഡിഗ്രേഡബിൾ ഗാർബേജ് (കൺട്രോൾ) ബിൽ, 2002-ലെ കേരള പാരാമെഡിക്കൽ കൗൺസിൽ ബിൽ, 2002-ലെ കേരള പ്രിവൻഷൻ ഓഫ് ഡിഫേസ്മെന്റ് ഓഫ് പ്രോപ്പർട്ടി ബിൽ, 2002-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ-ഫോറസ്റ്റ് ഏരിയാസ് ബിൽ, 2002-ലെ കേരള അറിയാനുള്ള അവകാശം ബിൽ, 2002-ലെ കേരള ട്രാൻസ്പാരൻസി ഇൻ പബ്ലിക് പർച്ചേസ് ബിൽ, 2002-ലെ കേരള സ്വാശ്രയ സഹകരണ ബിൽ, 2002-ലെ കേരള വെക്സേഷ്യസ് ലിറ്റിഗേഷൻ (പ്രിവൻഷൻ) ബിൽ, 2002-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2002-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2002-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേസ്) ഭേദഗതി ബിൽ, 2002-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ബിൽ, 2002-ലെ കേരള കാഷ്യൽ ടെമ്പററി ബദലി വർക്കേഴ്സ് (വേജസ്) അമെന്റ്മെന്റ് ബിൽ, 2002-ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (ഭേദഗതി) ബിൽ, 2002-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് (കേരള അമെന്റ്മെന്റ്) ബിൽ, 2002-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ, 2002-ലെ കേരള ഒഴിവാക്കലും ഭേദഗതിയും ബിൽ എന്നീ കരടുബില്ലുകൾ ചെറിയ ഭേദഗതികളോടെ തത്വത്തിൽ അംഗീകരിച്ചിരുന്നു. ഈ കരടു ബില്ലുകൾ നിയമമാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകളിൽ നടന്നുവരുന്നു. ഇതിൽ കേരള മുദ്രപ്പത്ര ഭേദഗതി നിർദ്ദേശം 2003-ലെ 6-ാം ഓർഡിനൻസായി പുറപ്പെടുവിച്ചിരുന്നു. നടന്നുവരുന്ന നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം ബില്ല് കൊണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly